**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേനമ്പർ 484/1എ.യിൽപ്പെട്ട 15 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സർവ്വേനമ്പർ 477/9-ൽപ്പെട്ട 6.07 ആർസ്(15 സെന്റ്) സ്ഥലവും പരസ്പരം കൈമാറുന്നതിന് പത്തനാപുരം ഗ്രാമപഞ്ചായത്തിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ )നം. 2042/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 23/09/2019.

---

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 21.07.2018,05.10.2018 എന്നീ തീയതികളിലെ സി2-18001/18-ാം നമ്പർ കത്ത്.

2) പത്തനാപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.08.2018 ലെ 3(2)-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുകയും പഞ്ചായത്ത് വക സ്ഥലത്തിനടുത്ത് സ്ഥിതി ചെയ്യുന്ന 12 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 477/7-1 ൽപ്പെട്ട 15 സെന്റ് ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും അതിന് ആനുപാതികമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 484/1എ.യിൽപ്പെട്ട 15 സെന്റ് ഭൂമി പകരം കൈമാറുന്നതിനും പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുമുണ്ടായി.

2) പഞ്ചായത്ത് വക സർവ്വേ നമ്പർ 477/7-1 ൽ ഉൾപ്പെട്ട 82 ആർസ് ഭൂമിയുടെയും സർവ്വേ നമ്പർ 484/1-എ.യിൽ ഉൾപ്പെട്ട 49.27 ആർസ് ഭൂമിയുടെയും മദ്ധ്യഭാഗത്തായി ഏകദേശം രണ്ടായി വിഭജിക്കുന്ന രീതിയിലാണ് സ്വകാര്യ വ്യക്തികളുടെ ഭൂമി നിലവിൽ സ്ഥിതി ചെയ്യുന്നതെന്നും ഭൂമി പരസ്പരം കൈമാറ്റം ചെയ്യുമ്പോൾ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നില്ലെന്നും രണ്ട് ഭാഗമായി കിടക്കുന്ന പഞ്ചായത്ത് വക ഭൂമി ഒന്നാവുകയും ചെയ്യുന്നതാണെന്നും അതിനാൽ ഭൂമി കൈമാറ്റം ചെയ്യുന്നതിന് അനുവാദമുണ്ടാകണമെന്നും പരാമർശം (2) പ്രകാരം സെക്രട്ടറി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 484/1എ യിൽപ്പെട്ട സ്ഥലവും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 6.07 ആർസ് (15 സെന്റ്) സ്ഥലവും താഴെപറയുന്ന നിബന്ധനകളോടെ പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയ്ക്കലും) ചട്ടങ്ങൾ 3(1) പ്രകാരം പരസ്പരം കൈമാറുന്നതിന് പത്തനാപുരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പഞ്ചായത്ത് ആർജ്ജിക്കുന്ന വസ്തുക്കളുടെ ഒറിജിനൽ ഭൂരേഖകൾ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അതിന്മേലുള്ള ഉടമസ്ഥന്റെ ക്രയവിക്രയാവകാശം, ഭൂമി വിട്ടു നൽകുന്നതിനുള്ള ഉടമസ്ഥന്റെ സമ്മതം എന്നിവ ഉറപ്പു വരുത്തേണ്ടതുമാണ്.

2) പഞ്ചായത്ത് വിട്ടു നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണം, യാതൊരു കാരണത്താലും പഞ്ചായത്ത് ആർജ്ജിക്കുന്ന വസ്തുവിന്റെ വിസ്തീർണ്ണത്തേക്കാൾ അധികരിക്കാൻ പാടുള്ളതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ